**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7481** **14.7.2014-ൽ മറുപടിക്ക്**

**ആലപ്പുഴ ജില്ലയിലെ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ സദാശിവൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| എ) | കായംകുളം മണ്ഡലത്തിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) | കായംകുളം നഗരസഭയിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി 2.40 കോടി രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 100% സാമ്പത്തിക സഹായവും 2011-12, 2012-13 വർഷങ്ങളിലായി ശുചിത്വമിഷനിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 18018000/- രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്ക് ഒന്നാംഘട്ട ഗഡുവായി 7632900/- രൂപയും കായംകുളം നഗരസഭയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) | ആലപ്പുഴ ജില്ലയിൽ ശുചിത്വമിഷൻ പുതുതായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | ബി) | ആലപ്പുഴ നഗരസഭയിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 29880000/- രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 10513200/- രൂപയും 2012-13 വർഷത്തിൽ കൈമാറിയിട്ടുണ്ട്. കൂടാതെ നിർമ്മല നഗരം നിർമ്മല ഭവനം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 39150000/- രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 4211250/- രൂപയും നാളിതുവരെയായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ